# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## രൂപക്കൂട്ടിലെ വിശുദ്ധർ നമ്മുടെ ഹൃദയങ്ങളിൽ വസിക്കണം



വിശുദ്ധമായത് വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും.

അനേകം വിശുദ്ധരുള്ള കത്തോലിക്കാ സഭയിൽ വിശുദ്ധരുടെ പേരിൽ നൊവേനകളും പെരുന്നാളുകളും, നേർച്ചകളും നമ്മൾ നടത്തുന്നു. യഥാർത്ഥത്തിൽ ജനങ്ങളും, ഈ വിശുദ്ധരും തമ്മിൽ നിലനിൽക്കുന്ന അകലത്തെകുറിച്ചു നമ്മൾ ചിന്തിക്കുന്നുണ്ടോ? ഒരു ചില്ലുപാളിയുടെ അകലം. വിശുദ്ധർ അകത്തും നമ്മൾ പുറത്തും. രൂപക്കൂട്ടിലേക്കു ഈ വിശുദ്ധരെ ഒതുക്കിനിർത്താനാണ് നമുക്കു താൽപ്പര്യം. അഭയം തേടിയെത്തുന്നവരുടെ പ്രാർത്ഥന കേട്ട് മറുത്തൊരു വാക്കു പറയാതെ, ഒന്നും ചോദ്യം ചെയ്യാതെ ഈ വിശുദ്ധർ നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ മാദ്ധ്യസ്ഥം അപേക്ഷിക്കണം. ഇവരെ നമ്മുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കേണ്ട കാലം അതിക്രമിച്ചിട്ടില്ലേ?

ഈ രൂപക്കൂടിനു മുന്നിൽ നേർച്ചയിട്ടും, നൊവനയിൽ പങ്കെടുത്തും പ്രാർത്ഥിക്കുന്ന നമ്മുടെ ആവശ്യങ്ങൾ പരീക്ഷ പാസ്സാകണം, മക്കളുടെ വിവാഹം നടക്കണം, വീടുപണി പൂർത്തിയാകണം, ജോലി ലഭിക്കണം. ഇങ്ങനെ പോകുന്നു നമ്മുടെ നീണ്ട ലിസറ്റ്. അതോടൊപ്പം ആ വിശുദ്ധരുടെ ജീവിത വിശുദ്ധിയെക്കുറിച്ചും അവർ സഹിച്ച യാതനകളെക്കുറിച്ചും, അവർ യേശുവിനെ പിന്തുടർന്ന വഴികളെക്കുറിച്ചും അറിയാനോ ധ്യാനിക്കാനോ, അനുകരിക്കാനോ നമ്മൾ ശ്രമിക്കാറുണ്ടോ?

ഓരോ വിശുദ്ധരും ഓരോ ചൈതന്യമാണ്. അനുകരണീയമായ ഒരു ജീവിത ശൈലിയാണ്. ഓരോ വിശുദ്ധ ജീവിതവും ആഴമായ ധ്യാനം ആവശ്യപ്പെടുന്നു. വി, ഫ്രാൻസിസ് അസ്സീസിയെ ധ്യാനിക്കുമ്പോൾ അനുപമമായ ആത്മപരിത്യാഗവും ദാരിദ്ര്യവുമാണ് നാം ധ്യാനിക്കേണ്ടത്. വി. കൊച്ചുത്രേസ്യായെ ധ്യാനിക്കുമ്പോൾ ചെറിയ കാര്യങ്ങൾ പോലും ദൈവസ്നേഹത്തെ പ്രതി നിർവ്വഹിച്ച് പൂർണ്ണത വരുത്തുന്നതിനെ കുറിച്ചാണ് നാം ശ്രദ്ധിക്കേണ്ടത്. വി. യൗസേപ്പിതാവിന്റേത് നീതിപൂർവ്വമായ നിശബ്ദതയാണ്. വി. അൽഫോൻസാമ്മ സഹനത്തിലൂടെ ദൈവത്തെ സ്നേഹിച്ച ഹൃദയമാണ്.

വി അന്തോണീസിന്റെ ദേവാലയങ്ങൾക്കു മുന്നിൽ അന്തമില്ലാത്ത നിരയാണ്. അത്ഭുതപ്രവർത്തകൻ എന്നാണ് നാം അദ്ദേഹത്തെ വാഴ്ത്തുന്നത്. അദ്ദേഹം വെറും അത്ഭുത പ്രവർത്തകൻ മാത്രം ആയിരുന്നോ? അതിലുപരി എന്തൊക്കെ ആയിരുന്നു വിശുദ്ധ അന്തോണീസ് ! ജീവനിൽ പേടിയില്ലാതെ മിഷൻ

പ്രവർത്തനങ്ങൾക്ക് ഇറങ്ങിത്തിരിച്ച അന്തോണിസിനെ എത്രപേർക്കറിയാം? ഫ്രാൻസിസ്കനായിരുന്ന അദ്ദേഹത്തിന്റ ദാരിദ്ര്യസ്നേഹത്തെ കുറിച്ച് അറിയാനും അനുകരിക്കാനും നൊവേനകളിൽ മുടങ്ങാതെ പങ്കെടുന്ന നമുക്ക് താൽപ്പര്യമുണ്ടോ?

വിശുദ്ധർ നമ്മോടൊപ്പം ഓരോ നിമിഷവും ജീവിക്കാനുള്ളവരാണ്. നമുക്കു മുൻപേ ക്രിസ്തുവിനെ അനുകരിച്ച് നടന്നുപോയവരാണ്. അവർ നടന്നുപോയ വഴികളിലെ കാലടികൾ നോക്കി നടക്കാനാണ് നമ്മുടെ വിളി. നാം വിശുദ്ധരുടെ കൂടെ നടക്കുകയും വിശുദ്ധർ സുഹൃത്തുക്കളെപോലെ നമ്മുടെ കൂടെ നടക്കുകയും വേണം. വിശുദ്ധരെ ഉപകാരസ്മരണാ രൂപങ്ങളാക്കി മാത്രം ഒതുക്കുന്നതുകൊണ്ടാണ് നമ്മുടെ നൊവേനകൾ മൃതമാകുന്നത്.

വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുമ്പോൾ അവരുടെ ജീവിത സഹനങ്ങൾകൂടി നാം അനുസ്മരിക്കുകയും, സാധിക്കുനിനടത്തോളം അവരെ അനുകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നേർച്ച നേരുക. അത് കൊടുക്കാതിരുന്നാൽ പുണ്യാളൻ ശിക്ഷിക്കും ഇത്രയേയുള്ളൂ നമുക്കു പലർക്കും വിശുദ്ധരുമായുള്ള ബന്ധം. ഈ നേർച്ചാ ശിക്ഷാ ബന്ധത്തിൽ നിന്നും സത്യമായും കര കയറുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസവും ഭക്തിയുമൊക്കെ ക്രിസ്തീയം പോലുമാകില്ല. നേർച്ചകൾക്കപ്പുറത്തേക്കു നാം പോയേ തീരൂ.

വിശുദ്ധരുടെ ജീവചരിത്രങ്ങൾ വായിക്കുമ്പോൾ നമ്മിൽ പകരുന്ന അരൂപി ഏതാണ്, ക്രിസ്തുവിനു വേണ്ടിയുള്ള ആവേശമാണോ ഉണരുന്നത്? ദാരിദ്ര്യത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസിയോട് എനിക്കു സാമ്പത്തിക ഉന്നമനം ഉണ്ടാകണമെന്നു നമ്മൾ പ്രാർത്ഥിക്കുന്നത് വിശ്വാസത്തോടെയാണോ?

അസാധാരണ പ്രവർത്തികൾ ചെയ്ത വിശുദ്ധരിലാണ് നമുക്കു കമ്പം. ആധുനിക കാലത്തെ ഏറ്റവും വലിയ വിശുദ്ധ എന്നു വാഴ്ത്തപ്പെടുന്ന വി. കൊച്ചുത്രേസ്യ ജീവിത കാലത്ത് ഒരത്ഭുതവും ചെയ്തില്ലെന്നോർക്കുക. ജനങ്ങൾക്ക് എടുത്തു പറയാവുന്ന അസാധാരണമായ ഒരു പ്രവർത്തിയും ചെയ്തില്ല. എന്നിട്ടും മനുഷ്യരുടെ കണ്ണിൽ അസാധാരണമായ കാര്യങ്ങൾ ചെയ്ത എല്ലാ വിശുദ്ധരെയുംക്കാൾ കൊച്ചുത്രേസ്യ വലുതായി. ഇത് ഒരു പാഠമാണ്. അസാധാരണത്വമോ അത്ഭുത പ്രവർത്തിയോ അല്ല നാം വിശുദ്ധരിൽ അന്വേഷിക്കുന്നത്. അവർ ക്രിസ്തുവിനെ അനുഗമിച്ച രീതിയാണ്. എത്ര സമർപ്പണത്തോടെ എത്ര സ്നേഹത്തോടെ അവർ ക്രിസ്തുവിനെ പിൻചെന്നു - അതാണ് വിശുദ്ധിയുടെ അളവുകോൽ. അതു തന്നെയാണ് വിശുദ്ധരോടുള്ള ഭക്തിയിൽ നമ്മെയും വിധിക്കുന്ന അളവുകോൽ. എത്ര രൂപക്കൂടുകൾ തൊട്ടുമുത്തി. എത്ര നൊവേനകളിൽ പങ്കെടുത്തു എന്നതിൽ കൂടുതൽ എത്ര സ്നേഹത്തോടെ ആ വിശുദ്ധ ജീവിത ചൈതന്യം ധ്യാനിച്ച് അവരെ പിൻതുടർന്നു എന്നതാണ്!.